"ഭരണഭാഷ മാതൃഭാഷ"

**തിരുവനന്തപുരം ജില്ലാ കളക്ടറുടെ നടപടിക്രമം**

(ഹാജർ : കെ.ഗോപാലകൃഷ്ണൻ.ഐ.എ.എസ്)

**കെ4-1195/18** **തീയതി : 22/08/2019.**

==========================================================

വിഷയം : പൊന്നുംവില- തിരുവനന്തപുരം ലൈറ്റ് മെട്രോ പ്രോജക്ടിന്റെ ഭാഗമായ ഉള്ളൂർ മേൽപ്പാലം നിർമ്മാണത്തിനായുള്ള പൊന്നുംവില നടപടിയുടെ സാമൂഹിക ആഘാതപഠനം പൂർത്തിയാക്കിയതിന്റെ അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നതിന് അനുമതി നൽകിക്കൊണ്ട് സമുചിത സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നത് - ഉത്തരവാകുന്നത് - സംബന്ധിച്ച്-

പരാമർശം : 1. 24/03/2018 ലെ952 നമ്പർ ഗസറ്റ് വിജ്ഞാപനം

2. 29/06/2016-ാം തീയതിയിലെ ജി.ഒ.(പി) 376/2016/ആർ.ഡി നമ്പർ സർക്കാർ ഉത്തരവ്.

3. വിദഗ്ധ സമിതിയുടെ 27/07/2019 ലെ റിപ്പോർട്ട്.

*******************************

തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതിയുമായി ബന്ധപ്പെട്ട് ഉള്ളൂർ ജംഗ്ഷനിൽ മേൽപ്പാലം നിർമ്മിക്കുന്നതിനായി തിരുവനന്തപുരം താലൂക്കിലെ പട്ടം ഉള്ളൂർ, ചെറുവയ്ക്കൽ വില്ലേജുകളിലായി 56.38 ആർ ഭൂമി പൊന്നുംവിലയ്ക്ക് ഏറ്റെടുക്കുന്നതിന് മാനേജിംഗ് ഡയറക്ടർ, കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ്(KRTL)അർത്ഥന സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ജില്ലാതല എസ്.ഐ.എ ഏജൻസിയായ ഇൻസ്റ്റിറ്റ്യൂഷൻ ഫോർ റൂറൽ ഡവലപ്പ്മെന്റ് (ഐ.ആർ.ഡി) തിരുവനന്തപുരം സമർപ്പിച്ച എൽ.എ.ആർ.ആർ ആക്ട് 2013 അധ്യായം 2 എ പ്രകാരമുള്ള സാമൂഹിക ആഘാത റിപ്പോർട്ട് ടി നിയമത്തിലെ 7-ാം വകുപ്പ് പ്രകാരം വിദഗ്ധ സമിതി വിലയിരുത്തി 6-ാം ഉപവകുപ്പ് അനുശാസിക്കും വിധം പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. 200 ആർ വരെയുള്ള ഏറ്റെടുക്കൽ നടപടികളിൽ സമുചിത സർക്കാർആയി ജില്ലാകളക്ടറെ സൂചന (2) ചുമതലപ്പെടുത്തിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനുള്ള നിർദ്ദേശങ്ങളും സാമൂഹിക ആഘാത റിപ്പോർട്ടും വിദഗ്ധ സമിതിയുടെ വിലയിരുത്തലും ടി നിയമത്തിലെ 8-ാം വകുപ്പ് പ്രകാരം വിശദമായി പരിശോധിച്ചതിൽ ഉള്ളൂർ ജംഗ്ഷനിൽ നിലവിലുള്ള ഗതാഗതക്കുരുക്ക് പരിഹരിക്കുവാനും ഭാവിയിലുണ്ടാകുന്ന ട്രാഫിക് വർദ്ധന കൂടി ഉൾക്കൊള്ളാനും ഒരു മേൽപ്പാലം ആവശ്യമാണെന്ന് ബോദ്ധ്യമായിരിക്കുന്നു. ഉള്ളൂർ മേൽപ്പാല നിർമ്മാണ പദ്ധതി നടപ്പാക്കുന്നതിലൂടെ കഴക്കൂട്ടം ഭാഗത്തു നിന്നും മെഡിക്കൽ കോളെജ് ആശുപത്രിയിലേയ്ക്ക്

പോകുന്നവർക്ക് ഉള്ളൂർ ജംഗ്ഷനിലെ ഗതാഗത തിരക്ക് ഒഴിവാക്കുവാൻ സാധിക്കുകയും ചെയ്യുമെന്ന് സാമൂഹിക ആഘാതപഠന റിപ്പോർട്ടിൽ നിന്നും വ്യക്തമാകുന്നുണ്ട്. ഈ സാഹചര്യത്തിൽ പ്രസ്തുത പദ്ധതികൂടി കണക്കിലെടുത്തുള്ള ഉള്ളൂർ ജംഗ്ഷനിലെ മേൽപ്പാല നിർമ്മാണം അനിവാര്യമാണെന്നും പ്രസ്തുത ഭൂമി ഏറ്റെടുക്കേണ്ടത് അത്യന്താപേക്ഷിതമാണെന്നും കാണുന്നു. കൂടാതെ ഇത്തരത്തിലൊരു പദ്ധതി നടപ്പിലാക്കാൻ ഇതിനായി മറ്റൊരു സ്ഥലവും അനുയോജ്യമല്ലാത്തതുമാണ്.

മേൽപ്പറഞ്ഞവയ്ക്കു പുറമെ ഉള്ളൂർ മേൽപ്പാല നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നത് മുഖേന പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന പ്രയോജനങ്ങൾ, ഭൂമി ഏറ്റെടുക്കൽ മൂലം പദ്ധതി ബാധിതർക്കുണ്ടാകുന്ന കഷ്ടനഷ്ടങ്ങളെക്കാൾ വളരെ മടങ്ങ് വലുതാണ്. മറ്റ് ബദൽ മാർഗ്ഗങ്ങൾ പ്രായോഗികമല്ലാത്തതിനാലും ഈ പദ്ധതി പൊതുജനങ്ങൾക്ക് അത്യന്താപേക്ഷിതമായതിനാലും അർത്ഥന പ്രകാരം പദ്ധതിക്ക് ആവശ്യമായ കുറഞ്ഞ അളവിലുള്ള വിസ്തീർണ്ണം മാത്രമാണെന്നതിനാലും ടി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി തുടരുന്നതിന് തീരുമാനിച്ചിരിക്കുന്നു. ആയതിനാൽ പ്രസ്തുത പദ്ധതിക്കുവേണ്ടി ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 അനുസരിച്ചുള്ള തുടർനടപടികൾക്ക് അനുവാദം നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഒപ്പ്)
ജില്ലാ കളക്ടർ

പകർപ്പ് :-

1. അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ് (ആമുഖ കത്ത് സഹിതം)
2. മാനേജിംഗ് ഡയറക്ടർ
   കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ്, വെള്ളയമ്പലം
   കവടിയാർ റോഡ്, കവടിയാർ.പി.ഒ, തിരുവനന്തപുരം-695 003
3. ഡെപ്യൂട്ടി കളക്ടർ (നിയമം അനുശാസിക്കുന്ന സ്ഥലങ്ങളിൽ പരസ്യപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്)
4. എൻ.ഐ.സി ആഫീസർക്ക് (സർക്കാർ വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിന്)
5. കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

ഡെപ്യൂട്ടി കളക്ടർ (എൽ.എ)

(X)